"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനാംഗീകാരം - അദാലത്തിൽ സമർപ്പിക്കപ്പെട്ട ഹർജികൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3565/2025/GEDN തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:- 1. 04.10.2023 ൽ സർക്കാർ തലത്തിൽ നടത്തിയ അദാലത്തിന്മേലുള്ള റിപ്പോർട്ട്

2. സ.ഉ (സാധാ) നം.1021/2024/പൊ.വി.വ തീയതി 06.2.2024.

3.. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.02.2025 തീയതിയിലെ ഇറ്റി5/17227/2024/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ് മാനേജ്മെൻ്റിൻ്റെ കീഴിലുള്ള സ്കൂളുകളിൽ നിയമനാംഗീകാരമോ ശമ്പളമോ ലഭിക്കാതെ വർഷങ്ങളായി ജോലി ചെയ്തു വരുന്ന അനദ്ധ്യാപക ജീവനക്കാർ സർക്കാർ മുമ്പാകെ നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ് മാനേജ്മെൻ്റിൻ്റെ കീഴിൽ എസ്.സി.വി.എൽ.പി.എസ്. ചിറയിൻകീഴ്, എസ്.സി.വി.ബി.എച്ച്.എസ്. ചിറയിൻകീഴ്, എസ്.എസ്.വി.ജി.എച്ച്.എസ്. ചിറയിൻകീഴ്, എസ്.എൻ.വി.എച്ച്.എസ്. പനയറ, എസ്.കെ.വി.എൽ.പി.എസ്. പരപ്പാറമുകൾ എന്നീ 5 സ്കൂളുകളാണ് ഉള്ളത്. ടി മാനേജ്മെൻ്റ് ഏറ്റെടുക്കുന്നതിന് മുമ്പായി വ്യക്തിഗത സ്കൂളുകളായാണ് ഓരോ സ്കൂളും നിലനിന്നിരുന്നത്. ടി സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് 01/11/2011 അടിസ്ഥാനമാക്കിയ സംയോജിത സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചത് 2019 ലാണ്. ടി തീയതിക്ക് മുൻപ് മാനേജ്മെൻ്റിലെ പല നിയമനങ്ങളും സ്കൂൾ സീനിയോറിറ്റി ലിസ്റ്റ് അനുസരിച്ചാണ് അംഗീകരിച്ച് നൽകിയത്. നിലവിൽ കോർപ്പറേറ്റ് മാനേജ്മെൻ്റിന് കീഴിലാണ് ടി സ്കൂളുകൾ വരുന്നത്.

2.വ്യക്തിഗത മാനേജ്മെൻ്റിന് കീഴിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകളെ കോർപ്പറേറ്റ് മാനേജ്മെൻ്റിന് കീഴിൽ മാറ്റിയപ്പോൾ നേരത്തെ ഓരോ സ്കൂളിലും നിയമിക്കപ്പെട്ടിരുന്ന അനദ്ധ്യാപകരെ പൊതു സീനിയോറിറ്റിയിൽ ഉൾപ്പെടുത്തി സർവീസ് കാര്യങ്ങൾ പുനഃക്രമീകരിക്കേണ്ടി വരുന്നത് സർവ്വീസ് സംബന്ധമായ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും

2011 മുതൽ ടി മാനേജ്മെന്റിന് കീഴിലുള്ള വിവിധ സ്കൂളുകളുടെ തസ്തിക നിർണ്ണയ ഉത്തരവുകൾ പുനഃപരിശോധിക്കുന്നതിന് വിവിധ തലങ്ങളിൽ സമർപ്പിക്കപ്പെട്ട റിവിഷൻ ഹർജികൾ തീർപ്പാകാത്തതും നിയമനാംഗീകാരം നൽകുന്നതിന് തടസ്സമായതായി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. എല്ലാ സ്കൂളുകളിലും അതാത് സ്കൂളുകളിലുണ്ടായ ഒഴിവുകൾ കണക്കിലെടുത്ത് നിയമനങ്ങളും നടത്തിയിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം ഗൗരവമായി കാണുകയും ടി വിഷയത്തിൽ 4/10/2023ൽ അദാലത്ത് സംഘടിപ്പിക്കുകയുമുണ്ടായി. പ്രസ്തുത അദാലത്തിൽ ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ് മാനേജർ, അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. അദാലത്തിൽ നിയമനാംഗീകാരം ലഭിക്കാത്ത ജീവനക്കാർ അവരെ നിയമിച്ചതിന്റെയും അംഗീകാരം ലഭിക്കാത്തതിന്റെയും വിശദാംശങ്ങൾ അറിയിച്ചു. ഓരോ കേസിലും മാനേജർ / അദ്ദേഹത്തിന്റെ പ്രതിനിധി അവരുടെ ഭാഗം വിശദീകരിച്ചു. വിദ്യാഭ്യാസ ഓഫീസർമാരും നിയമനാംഗീകാരം നൽകാത്തതിന്റെ കാരണങ്ങൾ അറിയിച്ചു.

4. **അനദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച് തസ്തിക തിരിച്ചുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

**A. ക്ലാർക്ക്**

i. ഷീന ആർ.ആർ, എസ്.എൻ.വി.എച്ച്.എസ്.എസ്., പനയറ

എസ്.എസ്.വി.ജി. എച്ച്.എസ്.എസ്.-ലെ ക്ലാർക്ക് ശ്രീ.ഗോപകുമാർ 19/02/2022 തീയതിയിൽ മരണപ്പെട്ട ഒഴിവിലാണ് 23/02/2022 മുതൽ ചട്ടം 43 അവകാശിയായ ശ്രീമതി.ഷീന ആർ.ആർ.-നെ മാനേജർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിച്ചത്. സീനിയർ ചട്ടം 43 അവകാശികളായ ശ്രീ.ജയപ്രകാശ്, ശ്രീ.ആർ. ദിനേശ് കുമാർ എന്നിവർ ക്ലാർക്ക് തസ്തിക പരിത്യജിച്ച ഉത്തരവ് ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ തസ്ത്ിക വ്യവസ്ഥാപിതമാണ്.

ii. ശ്രീ. അജി വി.എസ്., എസ്.എസ്.വി.ജി.എച്ച്.എസ്. ചിറയൻകീഴ്

എസ്.എൻ.വി.എച്ച്.എസ്.എസ്. പനയറയിലെ ക്ലാർക്ക് ശ്രീ.ഷെല്ലി വി.എൽ 31/05/2022-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ എസ്.എസ്.വി.ജി.എച്ച്.എസ്-ലെ ക്ലാർക്ക് ശ്രീമതി ഷീന.ആർ.ആർ.-നെ മാനേജർ എസ്.എൻ.വി.എച്ച്.എസ്.എസ് പനയറയിലേയ്ക്ക് സ്ഥലം മാറ്റി നൽകി നിയമിച്ചു. ഇതുവഴി എസ്.എസ്.വി.ജി.എച്ച്.എസ്.എസ് ചിറയൻകീഴിൽ ഒഴിവ് വന്ന ക്ലാർക്ക് തസ്തികയിലേയ്ക്ക് എസ്.സി.വി.ബി.എച്ച്.എസ്. ചിറയൻകീഴിലെ ഓഫീസ് അറ്റൻഡന്റ് ചട്ടം 43 അവകാശിയായ ശ്രീ.അജി വി.എസ്.-നെ 01/06/2022 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. നിയമനാംഗീകാരം ലഭിക്കാൻ വേണ്ടി ടിയാൻ നൽകിയ റിട്ട് ഹർജി ശ്രീമതി. ഷീന ആർ.ആർ.-ന്റെ നിയമനം അംഗീകരിച്ചതിനു ശേഷം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുവാൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ബഹു:കേരളാ ഹൈക്കോടതിയുടെ

09/07/2024-ലെ വിധിന്യായം നടപ്പാക്കി ഉത്തരവായിട്ടുണ്ട്.

**B. ഓഫീസ് അറ്റൻഡന്റ്**

i.ശ്രീകുമാർ വി.എസ്., ഓഫീസ് അറ്റൻഡന്റ്, എസ്.എൻ.വി.എച്ച്.എസ്.എസ്., പനയറ

ശ്രീമതി.ഷീന ആർ.ആറിനെ ക്ലാർക്കായി പ്രൊമോട്ട് ചെയ്ത ഒഴിവിൽ സീനിയർ 43 അവകാശിയും എസ്.എസ്.വി.ജി.എച്ച്.എസ്. ലെ എഫ്.ടി.എമ്മും ആയ ശ്രീ.ശ്രീകുമാർ വി.എസ്.നെ സ്ഥാനക്കയറ്റം നൽകി 22/02/2022 മുതൽ മാനേജർ നിയമിച്ചു. ശ്രീമതി. ഷീന ആർ.ആർ.ന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീ.ശ്രീകുമാർ വി.എസ്.-ന്റെ ഓഫീസ് അറ്റൻഡന്റ് ആയുള്ള സ്ഥാനക്കയറ്റ നിയമനവും അംഗീകരിക്കാവുന്നതാണ്.

ii. ദീപ്തി ആർ, എസ്.സി.വി.ബി.എച്ച്.എസ്., ചിറയിൻകീഴ്

എസ്.സി.വി.ബി.എച്ച്.എസ്. ചിറയിൻകീഴിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.അജി വി.എസ്.-നെ ക്ലാർക്കായി പ്രൊമോട്ട് ചെയ്ത ഒഴിവിൽ എസ്.എസ്.വി.ജി.എച്ച്.എസ്-ലെ എഫ്.ടി.എമ്മും 43 അവകാശിയുമായ ശ്രീമതി.ദീപ്തി ആർ.നെ സ്ഥാനക്കയറ്റം നൽകി എസ്.സി.വി.ബി.എച്ച്.എസ് ചിറയൻകീഴിൽ 01/06/2022 മുതൽ മാനേജർ നിയമിച്ചു. ശ്രീ.അജി വി.യുടെ ക്ലാർക്ക് തസ്തിക നിയമനം അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് ശ്രീമതി ദീപ്തി ആർ.ന്റെ ഓഫീസ് അറ്റൻഡന്റ് ആയുള്ള സ്ഥാനക്കയറ്റ നിയമനവും അംഗീകരിക്കാവുന്നതാണ്.

iii. ഹരികൃഷ്ണൻ വി.എസ്, ഓഫീസ് അറ്റൻഡന്റ്, എസ്.സി.വി.ബി.എച്ച്.എസ്

ശ്രീ.പ്രേംചന്ദ് എം.പി. 31/05/2023-ൽ വിരമിച്ചതു വഴി എസ്.സി.വി.ബി.എച്ച്.എസ് ചിറയൻകീഴിൽ ഒഴിവ് വന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് ഇതേ സ്കൂളിലെ എഫ്.ടി.എമ്മും ചട്ടം 43 അവകാശിയുമായ ശ്രീ.ഹരികൃഷ്ണൻ വി.എസ്.-നെ സ്ഥാനക്കയറ്റം നൽകി 01/06/2023 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി മാനേജർ നിയമിച്ചു. റിട്ടയർമെന്റ് ഒഴിവിലുള്ള നിയമനമായതിനാൽ തസ്തിക വ്യവസ്ഥാപിതമാണ്. സീനിയർ ഓഫീസ് അറ്റൻഡർമാരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ടിയാളുടെ 01/06/2023 മുതൽ ഓഫീസ് അറ്റൻഡന്റ് സ്ഥാനക്കയറ്റവും അംഗീകരിക്കാവുന്നതാണ്

**C. എഫ്.ടി.എം**

i. ശ്രീജിത് ആർ.എസ്., എഫ്.ടി.എം, എസ്.എൻ.വി.എച്ച്.എസ്.എസ്., പനയറ

എസ്.എൻ.വി.എച്ച്.എസ്. പനയറയിലെ എഫ്.ടി.എം. ആയ ശ്രീമതി ദീപ്തി.ആർ.നെ എസ്.സി.വി.ബി.എച്ച്.എസ് ചിറയിൻകീഴിലേയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ ശ്രീ.ശ്രീജിത്ത് ആർ.എസ്.നെ 16/04/2018 മുതൽ എസ്.എൻ.വി.എച്ച്.എസ്.എസ് പനയറയിൽ എഫ്.ടി.എം ആയി മാനേജർ നിയമിച്ചു. ഈ നിയമനം ചട്ടം 51 ബി അവകാശിയായ ശ്രീമതി അമീറ കെ.എസ്.-ന് നിയമനം നൽകാത്തതിനാൽ ടിയാളുടെ നിയമന പ്രൊപ്പോസൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു. എന്നാൽ നിലവിൽ 01/06/2022 മുതൽ

ശ്രീമതി അമീറ കെ.എസ്.ന് എഫ്.ടി.എം ആയി മാനേജർ നിയമനം നൽകിയിട്ടുണ്ട്. ആയതിനാൽ ടിയാളുടെ 16/04/2018 മുതലുള്ള എഫ്.ടി.എം. നിയമനം അംഗീകരിക്കാവുന്നതാണ്.

ii. അമീറ കെ.എസ്., എസ്.എസ്.വി.ജി.എച്ച്.എസ്.എസ്., ചിറയിൻകീഴ്

എസ്.എസ്.വി.ജി.എച്ച്.എസ്, ചിറയിൻകീഴിലെ എഫ്.ടി.എം. ആയിരുന്ന ശ്രീ.ശ്രീകുമാർ വി.എസ്.നെ ഓഫീസ് അറ്റൻഡന്റ് ആയി പ്രെമോട്ട് ചെയ്തത് വഴി ഉണ്ടായ ഒഴിവിൽ ചട്ടം 51ബി അവകാശിയായ ശ്രീമതി.അമീറ കെ.എസ്.നെ 01/06/2022 മുതൽ മാനേജർ എഫ്.ടി.എം. ആയി നിയമിച്ചു. സീനിയർ എഫ്.ടി.എം.മാരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ടി നിയമനവും അംഗീകരിക്കാവുന്നതാണ്.

iii. അഖിൽ.എം, എസ്.സി.വി.ബി.എച്ച്.എസ്. എസ്., ചിറയിൻകീഴ്

എസ്.എസ്.വി.ജി.എച്ച്.എസ്. ചിറയിൻകീഴിലെ എഫ്.ടി.എം ആയ ശ്രീമതി. ദീപ്തി. ആർ.നെ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ 01/06/2022 മുതൽ എസ്.എസ്.വി.എച്ച്.എസ്, ചിറയിൻകീഴ് എഫ്.ടി.എം ആയി മാനേജർ നിയമിച്ചു. ശ്രീമതി. ദീപ്തി ആർ.ന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ടിയാന്റെ 01/06/2022 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനവും അംഗീകരിക്കാവുന്നതാണ്

iv. ഹാറൂൺ.എ.ഹക്കിം, എസ്.സി.വി.ബി.എച്ച്.എസ്., ചിറയിൻകീഴ്

എസ്.സി.വി.ബി.എച്ച്.എസ്, ചിറയിൻകീഴിലെ എഫ്.ടി.എം. ആയിരുന്ന ശ്രീ.ഹരികൃഷ്ണൻ വി.എസ്.നെ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ 01/06/2023 മുതൽ എസ്.സി.ബി.എച്ച്.എസിൽ എഫ്.ടി.എം. ആയി മാനേജർ നിയമിച്ചു. ശ്രീ.ഹരികൃഷ്ണൻ വി.എസ്.ന്റെ സ്ഥാനക്കയറ്റം അംഗീകരിക്കുന്ന മുറയ്ക്ക് ടിയാന്റെ നിയമനവും അംഗീകരിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടേയും,സർക്കാർ ഉത്തരവുകളുടേയും,അദാലത്തിൽ പങ്കെടുത്തവർ അറിയിച്ച വിവരങ്ങളുടേയും, ലഭ്യമായ രേഖകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം,ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ് - ലെ അധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിന് പരാമർശം.2 ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മേൽ സാഹചര്യത്തിൽ 4/10/2023ൽ നടന്ന അദാലത്തിലെ റിപ്പോർട്ടിന്റെയും (അനുബന്ധം), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, ടി സ്കൂളിലെ ചുവടെ ചേർക്കുന്ന അനദ്ധ്യാപക നിയമനങ്ങൾ, നിലവിലുള്ള ചട്ടങ്ങളുടേയും വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ, ഓരോ കേസും പ്രത്യേകം പരിശോധിച്ച്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ, നിലവിലുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിച്ച്കൊണ്ട്, അംഗീകരിക്കുവാൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**I. ക്ലാർക്ക്**

| ക്രമ നം. | നിയമനാർത്ഥിയുടെ പേര് | നിയമിച്ച തീയതി |
|---|---|---|
| i | ഷീന ആർ.ആർ. | 23/02/2022 |
| ii | അജി വി.എസ്. | 01/06/2022 |

**II. ഓഫീസ് അറ്റൻഡന്റ്**

| ക്രമ നം. | നിയമനാർത്ഥിയുടെ പേര് | നിയമിച്ച തീയതി |
|---|---|---|
| i | ശ്രീകുമാർ വി.എസ്. | 23/02/2022 |
| ii | ദീപ്തി ആർ. | 01/06/2022 |
| iii | ഹരികൃഷ്ണൻ വി.എസ്. | 01/06/2023 |

**III. എഫ്.റ്റി.എം.**

| ക്രമ നം. | നിയമനാർത്ഥിയുടെ പേര് | നിയമിച്ച തീയതി |
|---|---|---|
| i | ശ്രീജിത്ത് ആർ.എസ്. | 16/04/2018 |
| ii | അമീറ കെ.എസ്. | 01/06/2022 |
| iii | അഖിൽ എം. | 01/06/2022 |
| iv | ഹാറൂൻ എ.ഹക്കിം. | 01/06/2023 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ
മാനേജർ, നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ്, ചിറയിൻകീഴ്, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sajitha V
Date: 30-05-2025 16:29:10
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

അനുബന്ധം

## റിപ്പോർട്ട്

ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ് മാനേജരും മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരും സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ പരിശോധിക്കവേ, ടി മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിൽ നിയമിതരായവരിൽ 2013 മുതൽ നിയമിതരായ നിരവധി അധ്യാപകർ നിയമനാംഗീകാരമോ, ശമ്പളമോ ലഭിക്കാതെ തുടർന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിദ്യാഭ്യാസ ഓഫീസർമാർ അദാലത്തുകൾ നടത്തിയിട്ടും പരിഹാരം കാണാത്തതിനാൽ ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഉത്തരവു പ്രകാരം 2023 ഒക്ടോബർ 4-ാം തീയതി പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിച്ചിരുന്നു.പ്രസ്തുത അദാലത്തിൽ മാനേജർ, അദ്ധ്യാപക-അനധ്യാപക ജിവനക്കാർ, എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി.ഇ, ഡി.ജി.ഇ ഓഫീസുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

### മാനേജ്മെന്റ്

ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ് മാനേജ്മെന്റിനു കീഴിൽ എസ്.സി.വി.എൽ.പി.എസ്, ചിറയിൻകീഴ്, എസ്.സി.വി.ബി.എച്ച്.എസ്, ചിറയിൻകീഴ്, എസ്.സി.വി.ജി.എച്ച്.എസ്, ചിറയിൻകീഴ്, എസ്.എൻ.വി.എച്ച്.എസ്, പനയറ, എസ്.കെ.വി എൽ.പി.എസ്, പരപ്പാറമുകൾ എന്നീ 5 സ്കൂളുകളാണ് ഉള്ളത്. ടി മാനേജ്മെന്റ് ഏറ്റെടുക്കുന്നതിനു മുൻപായി വ്യക്തിഗത മാനേജ്മെന്റ് സ്കൂളുകളായാണ് ഓരോ സ്കൂളും നിലനിന്നിരുന്നത്. ടി സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് 1/11/2011 അടിസ്ഥാനമാക്കിയ സംയോജിത സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചത് 2019ലാണ്.ടി തീയതിക്കു മുൻപ് മാനേജ്മെന്റിലെ പല നിയമനങ്ങളും സ്കൂൾ സീനിയോറിറ്റി അനുസരിച്ചാണ് അംഗീകരിച്ചു നൽകിയത്. നിലവിൽ കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലാണ് ടി സ്കൂളുകൾ വരുന്നത്.

### അദ്ധ്യാപക-അനധ്യാപക ജീവനക്കാർ

വ്യക്തിഗത മാനേജ്മെന്റിനു കീഴിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകളെ കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലേക്കു മാറ്റിയപ്പോൾ നേരത്തേ ഓരോ സ്കൂളിലും നിയമിക്കപ്പെട്ടിരുന്ന അധ്യാപകരെ പൊതു സീനിയോറിറ്റിയിൽ ഉൾപ്പെടുത്തി സർവ്വീസ് കാര്യങ്ങൾ പുനക്രമീകരിക്കേണ്ടി വരുന്നത് സർവ്വീസ് സംബന്ധമായ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി കാണുന്നു. മാത്രവുമല്ല 2011 മുതൽ ടി മാനേജ്മെന്റിനു കീഴിലുള്ള വിവിധ സ്കൂളുകളിലെ തസ്തിക നിർണ്ണയ ഉത്തരവുകൾ പുന:പരിശോധിക്കുന്നതിന് വിവിധ തലങ്ങളിൽ സമർപ്പിക്കപ്പെട്ട റിവിഷൻ ഹർജികൾ തീർപ്പാകാത്തതും നിയമനാംഗീകാരം നൽകുന്നതിന് തടസ്സമായി മാറുന്നു. എല്ലാ സ്കൂളുകളിലും അതാത് സ്കൂളുകളിലുണ്ടായ ഒഴിവുകൾ കണക്കിലെടുത്ത് പുതിയ നിയമനങ്ങളും നടത്തിയിട്ടുണ്ട്. 2013 മുതൽ നിയമിക്കപ്പെട്ടവരിൽ നിയമനാംഗീകാരം ലഭിക്കാതെ തുടരുന്നവരും സേവനം അവസാനിപ്പിച്ചവരുമായ ജീവനക്കാർ

അദാലത്തിൽ പങ്കെടുത്തിരുന്നു.

**<u>അദാലത്ത്</u>**

അദാലത്ത് നടത്തുന്നതിന് മുൻപായി എല്ലാ സ്കൂളുകളിലെയും തസ്തികനിർണ്ണയ ഉത്തരവുകൾ, സ്റ്റാഫ് ലിസ്റ്റ്, സീനിയോറിറ്റി ലിസ്റ്റ് തുടങ്ങിയ പ്രധാനപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പല തവണയായാണ് പ്രസ്തുത രേഖകൾ ലഭ്യമാക്കിയത്.പൂർണ്ണമായും ഹാജരാക്കിയിട്ടുമില്ല.രേഖകൾ ലഭ്യമാക്കി സമർപ്പിക്കുന്നതിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല എന്നും കാണുന്നു.അദാലത്തിൽ നിയമനാംഗീകാരം ലഭിക്കാത്ത ജീവനക്കാർ അവരെ നിയമിച്ചതിന്റെയും അംഗീകാരം ലഭിക്കാത്തതിന്റെയും വിശദാംശങ്ങൾ അറിയിച്ചു.ഓരോ കേസിലും മാനേജരും അദ്ദേഹത്തിന്റെ പ്രതിനിധി മുഖാന്തിരം തന്റെ ഭാഗം വിശദീകരിച്ചു. വിദ്യാഭ്യാസ ഓഫീസർമാരും നിയമനാംഗീകാരം നൽകാത്തതിന്റെ കാരണങ്ങൾ അറിയിച്ചു.അദാലത്തിൽ പങ്കെടുത്തവർ അറിയിച്ച വിവരങ്ങളുടെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നിയമനാംഗീകാരം ലഭിക്കാതെ തുടരുന്നവരും സേവനം അവസാനിപ്പിച്ചവരുമായ അധ്യാപക-അനധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കാറ്റഗറി തിരിച്ച് പട്ടികപ്പെടുത്തിയത് ചുവടെ ചേർക്കുന്നു.

**<u>I. യു.പി.എസ്.റ്റി.</u>**

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം |
|---|---|---|---|---|
| 1 | ശ്രീ.ദീപു. എസ്. എൽ | 04/06/2012 | 2012-13 വർഷത്തെ അധിക തസ്തികയിൽ ശ്രീ.ദീപുവിനെ നിയമിച്ചു. എന്നാൽ തസ്തിക ഇല്ലാത്തതിനാൽ നിയമനാംഗീകാരം ലഭിച്ചിട്ടില്ല. ടിയാൾ 2021 വരെ ടി സ്കൂളിൽ ജോലി | 2012-13 വർഷത്തിൽ അധിക തസ്തിക ലഭ്യമല്ലാത്തതിനാൽ ടി വർഷം നിയമനാംഗീകാരം നൽകിയിരുന്നില്ല. എന്നാൽ 2019-20 വരെ ടി അധ്യാപകൻ സ്കൂളിൽ തുടർന്നിരുന്നതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ ജോലി ഉപേക്ഷിച്ച് പോയതിനാലും കേസ് ഫയൽ ചെയ്തിട്ടുള്ളതിനാലും ഇപ്പോൾ അംഗീകാരം നൽകേണ്ടതില്ല എന്നാണ് മാനേജർ അറിയിച്ചത്.എന്നാൽ ജോലി ചെയ്തിരുന്ന കാലയളവിൽ ടിയാന് നിയമനാംഗീകാരത്തിനും ശമ്പളത്തിനും അർഹതയുള്ളതിനാലും തുടർന്ന് നിയമിക്കപ്പെട്ട അധ്യാപകരെല്ലാവരും ടിയാന്റെ ജൂനിയർമാരായതിനാലും ശ്രീ.ദീപുവിന് ടിയാൻ സ്കൂളിൽ തുടർന്നിരുന്ന കാലം വരെ മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടിയാൻ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ വിധിക്കു വിധേയമായി നിയമനാംഗീകാരം നൽകാവുന്നതാണ്. 2012-13ൽ |

| | | | | |
|---|---|---|---|---|
| 1. | എസ്..വി.ബി.എച്ച്.എസ്. ചിറയിൻകീഴ് | 04/06/2012 | നോക്കിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നുവെങ്കിലും 2019-20 വരെയുള്ള സ്റ്റാഫ് ലിസ്റ്റ് വരെയേ ടിയാൻ ഉൾപ്പെട്ടിട്ടുള്ളൂ.2016-17 വർഷം മാത്രമേ തസ്തിക നിലനിൽക്കുന്നുള്ളൂ. ടിയാൾ ഫയൽ ചെയ്ത ഡബ്ല്യൂപി(സി) നം.1929/2020-ന്മേലുള്ള വിധിന്യായം ലഭിച്ചിട്ടില്ല. | 9 തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ അതിൽ 9 അധ്യാപകർക്ക് അംഗീകാരം നൽകിയിട്ടുണ്ട്.ആയതിനാൽ ശ്രീ.ദീപുവിന് 4/6/2012 മുതൽ അംഗീകാരം നൽകാനാവില്ല.എന്നാൽ 2013-14ലെ പുതുക്കിയ തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം 10യു.പി.എസ്.റ്റി തസ്തികകൾ അനുവദിച്ചിട്ടുള്ളതിനാൽ പത്താമത്തെ യു.പി.എസ്.റ്റി അധിക തസ്തികയിൽ 1/6/2013മുതൽ ടിയാന് നിയമനാംഗീകാരം നൽകാവുന്നതാണ്.എന്നാൽ ശ്രീ.ദീപുവിന് നിയമനാംഗീകാരമില്ലാതെ തുടരുമ്പോൾ മാനേജർ നിയമന ഉത്തരവ് സമർപ്പിച്ചതും നിയമനാംഗീകാരം നൽകിയതുമായ മറ്റ് അധ്യാപകർ ആരെങ്കിലും ടി തീയതിയിൽ സർവ്വീസിലുണ്ടായിരിക്കുകയും ടി തീയതിക്കു ശേഷം നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടങ്കിൽ അവരെ ആദ്യം ക്രമീകരിച്ചുകൊണ്ട് അവർക്ക് അംഗീകാരം നൽകിയ തസ്തികയിലേക്ക് ടിയാനെ മാറ്റി ക്രമീകരിക്കാവുന്നതാണ്. |
| 2. | ശ്രീമതി.വി.എൻ. സോണിയ എസ്എൻവി.എച്ച്.എസ്. പനയറ | 03/06/2013 | റീജ.ആർ.ജി യുടെ സ്ഥാനക്കയറ്റ ഒഴിവിലെ നിയമനം. അപ്പീൽ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. | 2013-14ൽ 7 തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 3/6/2013 മുതൽ നിയമനാംഗീകാരം നൽകാനാവില്ല. 2014-15ൽ എസ്.എസ്.വി.ജി.എച്ച്.എസ്.ൽ ഉണ്ടായ അധികതസ്തികയിൽ ഒഴിവുള്ളതിനാൽ 15/7/2014 മുതൽ ക്രമീകരിച്ച് നിയമനാംഗീകാരം നൽകാവുന്നതാണ്. .എന്നാൽ ശ്രീമതി.സോണിയ നിയമനാംഗീകാരമില്ലാതെ തുടരുമ്പോൾ മാനേജർ നിയമന ഉത്തരവ് സമർപ്പിച്ചതും നിയമനാംഗീകാരം നൽകിയതുമായ മറ്റ് അധ്യാപകർ ആരെങ്കിലും ടി തീയതിയിൽ സർവ്വീസിലുണ്ടായിരിക്കുകയും ടി തീയതിക്കു ശേഷം നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടങ്കിൽ അവരെ ആദ്യം ക്രമീകരിച്ചുകൊണ്ട് അവർക്ക് അംഗീകാരം നൽകിയ തസ്തികയിലേക്ക് ടിയാളെ മാറ്റി ക്രമീകരിക്കാവുന്നതാണ്. |
| 3. | ശ്രീമതി രശ്മി എസ്. എസ്.സി.വി.ബി.എച്ച്.എസ്. ചിറയിൻകീഴ് | 01/06/2016 | 2015-16ലെ അധിക തസ്തികയിൽ 1/3/2016 മുതൽ ജോലിയിൽ പ്രവേശിച്ച സീനിയർ യു.പി.എസ്.റ്റി. ആയ ശ്രീ ദീപു, ശ്രീമതി സോണിയ എന്നിവർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ല. | 2015-16ലെ അധിക തസ്തികയിൽ 1/3/2016 ന് അക്കാദമിക വർഷത്തിന്റെ അവസാനം ജോലിയിൽ പ്രവേശിച്ചതിനാൽ അതേ തസ്തികയിൽ 1/6/2016 മുതൽ അംഗീകാരം നൽകാവുന്നതാണ്. |
| | | | | 29/1/2014 മുതൽ 31/5/2016 വരെ എച്ച്.എസ്.റ്റി മലയാളം ആയി നിയമിച്ചുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. നിയമനാംഗീകാരമില്ലാതെ തുടരുന്ന അധ്യാപകന |

| | | | | |
|---|---|---|---|---|
| 4. | ശ്രീ.ശ്രീനാഥ് എ സ്.<br>എസ്.വി.ബി.എച ്ച്.എസ്. ചിറയ ിൻകീഴ് | 01/06/2016 | സീനിയർ യു.പി.എസ്.റ്റി. നിലനിൽ ക്കുന്നു. | ് യോഗ്യതയ്ക്കനുസരിച്ച് ആദ്യമുണ്ടാകു ന്ന മറ്റൊരു വ്യവസ്ഥാപിത ഒഴിവിൽ മാ റ്റി നിയമിക്കാവുന്നതാണ്.<br><br>2016-17 വർഷത്തെ യു.പി.എസ്.റ്റി അ ധികതസ്തികയിൽ ക്രമീകരിച്ച് 15/7/2016 മുതൽ നിയമനാംഗീകാരം നൽകാവുന്ന താണ്.2017-18ൽ ഒരു തസ്തിക നഷ്ടം വ ന്നതിനാൽ എസ്.എസ്.വി.ജി.എച്ച്.എ സിലെ 2016-17 മുതൽ ഒഴിവുള്ള അധിക തസ്തികയിൽ 15/7/2017 മുതൽ ക്രമീകര ിക്കാവുന്നതാണ്. |
| 5. | ശ്രീമതി ഋഷി സ ംഘ<br>എസ്.എസ്.വി. ജി.എച്ച്.എസ്. ചിറയിൻകീഴ് | 01/06/2018 | റിവിഷൻ ഹർജി സർക്കാരിന്റെ പരി ഗണനയിലാണ്.യു.പി.എസ്.റ്റി. യോ ഗ്യതയില്ല. | 2018-19ൽ നിലവിലുള്ള തസ്തികയിൽ **മറ്റു വിധത്തിൽ യോഗ്യമെങ്കിൽ** നിയമനാംഗീ കാരം നൽകാവുന്നതാണ്. |
| 6. | ശ്രീ.മിഥുൻ എം. എസ്.<br>എസ്.എസ്.വി. ജി.എച്ച്.എസ്. ചിറയിൻകീഴ് | 01/06/2018 | സീനിയർ യു.പി.എസ്.റ്റി. നിലനിൽ ക്കുന്നു. | 2018-19ൽ തസ്തികനഷ്ടം വന്ന 51എ അ വകാശിയായതിനാൽ 2018-19ൽ ഒഴി വുള്ള യു.പി.എസ്.റ്റി. തസ്തികയിൽ 15/7 /2018 മുതൽ ക്രമീകരിക്കാവുന്നതാണ്. |
| 7. | ശ്രീ. സ്വാതിജീവ ൻ<br>എസ്.എസ്.വി. ജി.എച്ച്.എസ്. ചിറയിൻകീഴ് | 15/07/2018 | സീനിയർ യു.പി.എസ്.റ്റി. നിലനിൽ ക്കുന്നു. | 2018-19ൽ തസ്തികനഷ്ടം വന്ന 51എ അ വകാശിയായതിനാൽ 2018-19ലെ ഒ ഴിവുള്ള യു.പി.എസ്.റ്റി. തസ്തികയിൽ 15/7 /2018 മുതൽ ക്രമീകരിക്കാവുന്നതാണ്. |
| 8. | ശ്രീമതി അഞ്ജന വി.എസ്.<br>എസ്.എസ്.വി. ജി.എച്ച്.എസ്. ചിറയിൻകീഴ് | 15/07/2018 | സീനിയർ യു.പി.എസ്.റ്റി. നിലനിൽ ക്കുന്നു. | 2018-19ൽ തസ്തികനഷ്ടം വന്ന 51എ അ വകാശിയായതിനാൽ 2018-19ലെ ഒഴ ിവുള്ള യു.പി.എസ്.റ്റി. തസ്തികയിൽ 15/ 7/2018 മുതൽ ക്രമീകരിക്കാവുന്നതാണ് |
| 9. | ശ്രീ.സിജു എസ്<br>എസ്.എസ്.വി. ജി.എച്ച്.എസ്. ചിറയിൻകീഴ് | 15/07/2018 | സീനിയർ യു.പി.എസ്.റ്റി. നിലനിൽ ക്കുന്നു. | 1/6/2016 മുതൽ എച്ച്.എസ്.റ്റി സോഷ്യ ൽ സയൻസ് ആയി നിയമിച്ചിരുന്നു.ആ യതിന് അംഗീകാരം ലഭിച്ചിട്ടില്ല. 2018-19 മുതലുള്ള സ്റ്റാഫ് ലിസ്റ്റിൽ ഉൾപ്പെട്ടതായ ി കാണുന്നില്ല.സീനിയർ യു.പി.എസ്.റ്റി. മാരെ നിലനിർത്തിയതിനു ശേഷം തസ്തി ക ലഭ്യമായാൽ മാത്രമേ യു.പി.എസ്.റ്റി ആയി നിയമനാംഗീകാരം നൽകാൻ ക ഴിയൂ. |
| 10. | ശ്രീമതി.<br>ഐഷ രാജ ൻ<br>എസ്.എൻ. വി.എച്ച്.എസ്. പ നയറ | 01/06/2016 | സീനിയർ യു.പി.എസ്.റ്റി. നിലനിൽ ക്കുന്നു. | ശ്രീമതി.സോണിയയെ എസ്.എസ്.വി. ജി.എച്ച്.എസിൽ 15/7/2014 മുതൽ ക്രമീ കരിക്കുന്നതിനാൽ 2015-16ൽ അനുവദ ിച്ച അധിക തസ്തികയിൽ 1/6/2016 മുത ൽ നിയമനാംഗീകാരം നൽകാവുന്നത ാണ്.<br>2019-20ൽ ഒരു തസ്തിക നഷ്ടം വരുന്ന |

| | | | | |
|---|---|---|---|---|
| | | | | തിനാൽ പുറത്തുപോകേണ്ടി വരുന്നു. |
| 11. | ശ്രീമതി ലക്ഷ്മി ജി .എസ്. എസ്.എൻ.വി.എച്ച്.എസ്. പനയറ | 15/07/2019 | സീനിയർ യു.പി.എസ്.റ്റി. നിലനിൽക്കുന്നു. | 2019-20ൽ തസ്തിക ലഭ്യമല്ല.തുടർന്നുള്ള വർഷങ്ങളിലും യു.പി.എസ്.എ തസ്തികകൾ കുറയുന്നതിനാൽ സീനിയറായ യു.പി.എസ്.എ മാരെ ക്രമീകരിച്ചു കഴിഞ്ഞാൽ മാത്രമേ തസ്തിക ലഭ്യമാണോയെന്ന് വ്യക്തമാകൂ. |
| 12. | ശ്രീമതി.രജനി എം.ആർ. എസ്.സി.വി.ബി. എച്ച്.എസ്. ചിറയിൻകീഴ് | 01/6/2016 | 1/6/2016 മുതൽ എച്ച്.എസ്.എ തസ്തികയിൽ നിയമിച്ചു.സീനിയർ 43 അവകാശിയുള്ളതിനാൽ അംഗീകാരം നൽകിയില്ല. | സീനിയർ 43 ക്ലയിമന്റിന് സ്ഥാനക്കയറ്റം നല്കാത്തതിനാൽ എച്ച്.എസ്.എ തസ്തികയിൽ അംഗീകാരം നൽകാനാവില്ല. എന്നാൽ 8/9/2021 മുതൽ സീനിയർ 43 ക്ലയിമന്റിന് സ്ഥാനക്കയറ്റം നല്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടി തീയതി മുതൽ യു.പി.എസ്.റ്റി തസ്തികയിൽ വ്യവസ്ഥാപിത ഒഴിവുള്ള പക്ഷം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകാവുന്നതാണ്.43 അവകാശിയ്ക്ക് നോഷണൽ ആയി മുൻകാലസർവ്വീസ് ക്രമീകരിക്കുന്ന പക്ഷം ടിയാൾക്കും നിയമനതീയതി മുതൽ നോഷണൽ ആയി ക്രമീകരിച്ച് അംഗീകാരം നൽകാവുന്നതാണ്. |
| 13. | ശ്രീമതി.ശാലിനി. പി. രാജീവ് എസ്.എസ്.വി. ജി.എച്ച്.എസ് ചിറയിൻകീഴ് | 15/07/2021 | സീനിയർ യു.പി.എസ്.റ്റി. നിലനിൽക്കുന്നു. | 2019-20 വരെ നിയമിതരായവരെ ക്രമീകരിച്ചതിനു ശേഷം ഒഴിവ് നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രമേ പരിഗണിക്കാനാവൂ. |
| 14. | ശ്രീമതി.പൂജ. എം .നായർ എസ്.എസ്.വി. ജി.എച്ച്.എസ് ചിറയിൻകീഴ് | 08/09/2021 | സീനിയർ യു.പി.എസ്.റ്റി. നിലനിൽക്കുന്നു. | 2019-20 വരെ നിയമിതരായവരെ ക്രമീകരിച്ചതിനു ശേഷം ഒഴിവ് നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രമേ പരിഗണിക്കാനാവൂ. |

## II. എച്ച്.എസ്.റ്റി. (മലയാളം)

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം നൽകുന്നത് |
|---|---|---|---|---|
| 1. | ശ്രീ.സനൽറോയ് എസ്.സി.വി.ബി.എച്ച്.എസ്. ചിറയിൻകീഴ് | 06/06/ 2019 | സീനിയർ അവകാശികളായ ശ്രീമതി.അർച്ചന ലക്ഷ്മി, ശ്രീമതി.ബിന്ദു ജി.ആർ. എന്നിവർ നിലനിൽക്കുന്നു. | രണ്ടു പേർക്കും നിയമനാംഗീകാരം നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2. | ഷിബു.ജി എസ്. എസ്.സി.വി.ബി.എച്ച്.എസ്. ചിറയിൻകീഴ് | 01/07/2019 | ശ്രീ.സനൽ റോയിയുടെ എച്ച്.എസ്.റ്റി. (മലയാളം) സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല കൂടാതെ ടി വിഷയത്തിൽ റിവിഷൻ ഹർജി | |

| | | | | |
|---|---|---|---|---|
| | | | സർക്കാരിന്റെ പരിഗണനയിലാണ്. | |
| 3. | സാജൻ പി. എസ്.സി.വി.ബി.എച്ച്.എസ്. ചിറയിൻകീഴ് | 15/07/2021 | എച്ച്.എസ്.റ്റി. മലയാളം ആയിരുന്ന ശ്രീ.രമേഷിന്റെ എച്ച്.എസ്.എസ്.റ്റി. (മലയാളം) നിയമനം അംഗീകരിച്ചിട്ടില്ല. കൂടാതെ റൂൾ 4 3 അവകാശികളായ ശ്രീ.സനൽ റോയ്, ശ്രീ.ഷിബു ജി.എസ്. എന്നിവരുടെ നിയമനം അംഗീകരിച്ചിട്ടില്ല. | ശ്രീ.രമേഷിന്റെ എച്ച്.എസ്.എസ്.റ്റി. (മലയാളം) നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ 1 5 / 7 / 2 0 2 1 മുതൽ അംഗീകരിക്കാവുന്നതാണ്. |
| 4. | അർച്ചന ലക്ഷ്മി.വി എസ്.എൻ .വി.എച്ച്.എസ്. പനയറ | 01/06/2022 | ശ്രീമതി.സലീനയെ സ്ഥലം മാറ്റിയ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല | ഒഴിവ് വ്യവസ്ഥാപിതമായിട്ടുള്ളതിനാൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |

## III. എച്ച്.എസ്.റ്റി. (ഹിന്ദി)

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം |
|---|---|---|---|---|
| 1. | ശ്രീമതി. നാൻസി. ബി.ആർ. എസ്.എൻ . വി.എച്ച്.എസ്. പനയറ | 15/07/2021 | സംരക്ഷിത അദ്ധ്യാപകനെ നിയമിച്ചിട്ടില്ല. സീനിയർ അവകാശി നിലനിൽക്കുന്നു. | സംരക്ഷിത അദ്ധ്യാപകനെ നിയമിച്ചിട്ടുണ്ട്. സീനിയർ അവകാശിക്കും നിയമനാംഗീകാരം ലഭിച്ചു.ഒഴിവ് വ്യവസ്ഥാപിതമായതിനാൽ അംഗീകാരം നൽകാവുന്നതാണ്. |
| 2. | ശ്രീമതി.നൈനി ചോതിക്കണ്ടി എസ്.സി.വി. ബി.എച്ച്.എസ്. ചിറയിൻകീഴ് | 01/06/2022 | ശ്രീമതി നാൻസിയുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല. 2022-23ൽ ഒരു തസ്തിക നഷ്ടം വന്നു.കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല. | ശ്രീമതി.നാൻസിയുടെ സ്ഥാനക്കയറ്റം അംഗീകരിക്കാൻ കഴിയുമെന്നതിനാൽ വ്യവസ്ഥാപിത തസ്തികയുള്ള പക്ഷം കെ-ടെറ്റ് യോഗ്യത നേടിയ തീയതി മുതൽ അംഗീകാരം നൽകാവുന്നതാണ്. |

## IV. എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്)

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം |
|---|---|---|---|---|
| | ശ്രീമതി. സംഗീത മോഹനചന് | | 2019-20 വർഷത്തിൽ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തിക അക്കമൊഡേഷന്റെ കുറവുമൂലം ന | റിവിഷൻ ഹർജിയിൽ തീരുമാന |

| | | | | |
|---|---|---|---|---|
| 1. | ദ്രൻ<br>എസ്.സി.വി.ജി.<br>എച്ച്.എസ്. ചിറ<br>യിൻകീഴ് | 15/07/2019 | ഷ്ടപ്പെട്ടു. ടി പ്രീ കെ.ഇ.ആർ ക ◌െട്ടിടങ്ങൾ തസ്തിക നിർണയ ത്തിന് പരിഗണിക്കുന്നത് സംബ ന്ധിച്ച റിവിഷൻ ഹർജി സർക്ക ◌ാരിന്റെ പരിഗണനയിലാണ്. | മാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം അംഗീകരിക്കാവുന്നതാണ്. |
| 2. | മനീഷ് ചന്ദ്രൻ<br>എസ്.സി.വി.ജി.<br>എച്ച്.എസ്. ചിറ<br>യിൻകീഴ് | 1/6/2022 | എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തി കയിൽ നിന്നും എച്ച്.എസ്. എസ്.റ്റി. (ഇംഗ്ലീഷ്) ആയി ത സ്തികമാറ്റ നിയമനം നൽകിയ ചിത്രയുടെ ഒഴിവ് വ്യവസ്ഥാപിത മായിട്ടില്ല. | ശ്രീമതി.സംഗീത മോഹനചന്ദ്രന് നിയമനാംഗീകാരം ലഭിക്കുന്ന മു റയ്ക്ക് വ്യവസ്ഥാപിത തസ്തിക ഉള്ള പക്ഷം നിയമനാംഗീകാരം നൽകാവുന്നതാണ്. |

**V. എച്ച്.എസ്.റ്റി. (എൻ.എസ്)**

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം |
|---|---|---|---|---|
| 1. | നിജ.ജെ | 1/6/2022 | ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല. | ശ്രീമതി.വിശ്വമണിയുടെ റിട്ടയർമെന്റ് ഒഴിവിൽ നിയമനതീയതി മുതൽ അംഗീകാരം നൽകാവുന്നതാണ്. |

**VI. എൽ.ജി ഹിന്ദി**

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സ വാദം | |
|---|---|---|---|---|
| 1. | ശ്രീമതി സൂര്യ എസ്. നായർ എസ്.എസ്.വി.ബി.എച്ച്.എ സ്. ചിറയിൻകീഴ് | 15/07/2021 | ശ്രീമതി നാൻസിയുടെ സ്ഥാനക്കയറ്റം അംഗീ കരിച്ചിട്ടില്ല. ചട്ടം 51എ അവകാശിയായ നൈ നി ചോതികണ്ടിയുടെ എൽ.ജി. (ഹിന്ദി) നിയമ നം അംഗീകരിച്ചിട്ടില്ല. | ശ്രീമതി നാൻസിയുടെ സ്ഥാനക്കയറ്റം അംഗീക രിക്കാവുന്നതിനാലും നൈ നി ചോതികണ്ടിയുടെ എ ൽ.ജി. (ഹിന്ദി) നിയമനം അംഗീകരിച്ചിട്ടുള്ളതിനാല്യ ◌ം അംഗീകാരം നൽകാ വുന്നതാണ്. |
| 2. | സുനിമോൾ.എസ്.എസ് | 1/6/2022 | ഒഴിവ് വ്യവസ്ഥാപിതമാ യിട്ടില്ല. | നൈനി ചോതിക ണ്ടിയുടെ നിയമനം അം ഗീകരിക്കാമെന്നതിനാൽ ഒഴിവ് വ്യവസ്ഥാപിതമാകു ന്നതാണ്.മറ്റവിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയ മനാംഗീകാരം നൽകാവു |

| | | | | |
|---|---|---|---|---|
| | | | | ന്നതാണ്. |

## VII. പി.ഇ.റ്റി. (എച്ച്.എസ്)

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം |
|---|---|---|---|---|
| 1. | ജിതിൻ കൃഷ്ണ<br><br>എസ്.എൻ .വി.എച്ച്.എസ്. പനയറ | 15/7/2021 | ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല. | ശ്രീ.ഗിരിലാലിന്റെ റിട്ടയർമെന്റ് ഒഴിവിൽ നിയമിച്ചു. 2019-20ലെ തസ്തികനിർണ്ണയം തന്നെയാണ് 2020-21ലും 2021-22ലും തുടർന്നത്. 2019-20ൽ ഒരു പി.ഇ.റ്റി തസ്തിക അനുവദിച്ചിരുന്നു.ആയതിനാൽ 15/7/2021 മുതൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |

## VIII. ക്ളാർക്ക്

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം |
|---|---|---|---|---|
| 1. | ഷീന.ആർ.ആർ.<br><br>എസ്.സി.വി.ജ ി.എച്ച്.എസ്. | 23/2/2022 | ഒഴിവ് വ്യവസ്ഥാപിതമാണ്.സീനിയർ അവകാശികളുടെ പരിത്യാജപത്രം സമർപ്പിച്ചിട്ടില്ല. | സീനിയർ അവകാശികളായ രണ്ടുപേരും പരിത്യാജപത്രം സമർപ്പിക്കുകയും ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. ശ്രീമതി.അജ ി.വി.എസിനേക്കാൾ സീനിയറായതിനാൽ നിയമനാംഗീക ാരം നൽകാവുന്നതാണ്. ശ്രീമതി.അജി.വി.എസിനെ 1/6/2022 മുതൽ ക്ളാർക്കായി നിയമിച്ചിട്ടുണ്ട്. |
| 2. | അജി.വി.എസ് | 1/6/2022 | ഷീനയെ സ്ഥലം മാറ്റിയതു മൂലമുണ്ടായ ഒഴിവിൽ നിയമിച്ചു.ഒഴിവ് വ്യവസ്ഥാപിതമല്ല. | ഷീനയുടെ നിയമനം അംഗീകരിക്കാമെന്നതിനാൽ ടിയാളെ സ്ഥലം മാറ്റിയത് മൂലമുണ്ടാകുന്ന ഒഴിവിൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |

## IX. ഓഫീസ് അറ്റൻഡന്റ്

| ക്രമ | പേര് | നിയമിച്ച | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം |
|---|---|---|---|---|

| നം. | | തീയതി | | |
|---|---|---|---|---|
| 1. | ശ്രീകുമാർ. വി.എസ് | 23/2/2022 | ഷീനയുടെ സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിൽ നിയമിച്ചു.സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല. | ഷീനയുടെ നിയമനം അംഗീകരിക്കാമെന്നതിനാൽ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവിൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |
| 2. | ദീപ്തി.ആർ | 1/6/2022 | അജിയുടെ സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിൽ നിയമിച്ചു.സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല. | അജിയുടെ നിയമനം അംഗീകരിക്കാമെന്നതിനാൽ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവിൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |
| 3. | ഹരികൃഷ്ണൻ. വി.എസ്. | 1/6/2023 | പ്രേം ചന്ദിന്റെ റിട്ടയർമെന്റ് ഒഴിവിൽ നിയമനം നൽകി. | ഒഴിവ് വ്യവസ്ഥാപിതമായതി<br><br>നാലും സീനിയർ ഒ.എമാരുടെ നിയമനം അംഗീകരിക്കാമെന്നതിനാലും നിയമനം അംഗീകരിക്കാവുന്നതാണ്. |

<u>X. എഫ്.റ്റി.എം</u>

| ക്രമ നം. | പേര് | നിയമിച്ച തീയതി | നിലനിന്നിരുന്ന തടസ്സവാദം | നിയമനാംഗീകാരം |
|---|---|---|---|---|
| 1. | ശ്രീജിത്ത്. ആർ.എസ്<br>എസ്.എൻ .വി .എച്ച്.എസ്. പനയറ | 16/04/2018 | ദീപ്തിയ്ക്ക് സ്ഥലം മാറ്റം നൽകിയതിനാൽ ഉണ്ടായ ഒഴിവിൽ നിയമിച്ചു. 51 ബി അവകാശിയായ അമീറയുടെ നിയമനം അംഗീകരിച്ചിട്ടില്ല. | 51 ബി അവകാശിയായ അമീറ 2019ലാണ് അപേക്ഷ സമർപ്പിച്ചത്.ആയതിനാൽ സ്ഥലംമാറ്റ ഒഴിവിൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |
| 2. | അമീറ.കെ.എസ്.<br><br>എസ്.സി.വി.ജി.എച്ച്.എസ്. എസ് | 1/6/2022 | ശ്രീകുമാറിന് സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിൽ നിയമിച്ചു.സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല. | ശ്രീകുമാറിന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാമെന്നതിനാൽ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവിൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |
| 3. | അഖിൽ.എം.<br><br>എസ്.സി.വി.ജി.എച്ച്.എസ്. എസ് | 1/6/2022 | ദീപ്തിയ്ക്ക് സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിൽ നിയമിച്ചു.സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല. | ദീപ്തിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാമെന്നതിനാൽ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവിൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |
| 4. | ഹാറൂൻ. | 1/6/2023 | ഹരികൃഷ്ണന്റെ സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിൽ നിയമിച്ചു.സ്ഥാന | ഹരികൃഷ്ണന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാമെന്ന് |

| | | | | |
|---|---|---|---|---|
| | എ.ഹക്കിം എസ്.സി.വി. ബി.എച്ച്. എസ്.എസ് | | ക്കയറ്റം അംഗീകരിച്ചിട്ടില്ല. | നതിനാൽ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവിൽ നിയമനാംഗീകാരം നൽകാവുന്നതാണ്. |

ഏറ്റവും കൂടുതൽ പേരുടെ നിയമനാംഗീകാരം തടസ്സപ്പെട്ടിരുന്നത് യു.പി.എസ്.റ്റി തസ്തികയിലായിരു നേജ്മെന്റിനു കീഴിലെ വിവിധ സ്കൂളുകളിലെ അനുവദനീയമായ തസ്തികകളുടെയും സ്റ്റാഫ് ലിസ്റ്റ് പ്രകാരമു അധ്യാപകരുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| year | SCVBHSS | | SCVGHSS | | SNVHS | |
|---|---|---|---|---|---|---|
| | sanctioned | As per staff list | sanctioned | As per staff list | sanctioned | As per staff list |
| 2012-13 | 9 | | 6 | | 7 | |
| 2013-14 | 10 | 12 | 6 | 8 | 7 | 8 |
| 2014-15 | 11 | 11 | 9 | 8 | 7 | 8 |
| 2015-16 | 11 | 10 | 9 | 8 | 9 | 8 |
| 2016-17 | 12 | 11 | 12 | 9 | 8 | 9 |
| 2017-18 | 11 | 12 | 12 | 9 | 8 | 9 |
| 2018-19 | 11 | 12 | 12 | 7 | 8 | 9 |
| 2019-20 | 10 | 11 | 10 | 8 | 7 | 9 |
| 2020-21 | 10 | 12 | 10 | 8 | 7 | 7 |
| 2021-22 | 10 | 12 | 10 | 5 | 7 | 7 |
| 2022-23 | 5 | 9 | 6 | 11 | 6 | 6 |
| 2023-24 | | 9 | 6 | 10 | | 6 |

മേൽ പട്ടികയിലെ തസ്തികനിർണ്ണയ ഉത്തരവുകൾ പ്രകാരം ഓരോ സ്കൂളിലും അനുവദിച്ച തസ്തികകളും സ്റ്റാഫ് ലിസ്റ്റും കണക്കിലെടുത്ത് പട്ടിക I-ൽ പറയും പ്രകാരം നിയമനാംഗീകാരം നൽകുന്നതിനായി കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് താഴെപറയും പ്രകാരം നിലവിലുള്ള തസ്തികകളിൽ ക്രമീകരിക്കാനാകും.

1. ശ്രീ.ദീപു.എസ്.എൽ - എസ്.സി.വി.ബി.എച്ച്.എസിൽ 2013-14ലെ 10-ാമത് തസ്തികയിൽ. സ്റ്റാഫ് ലിസ്റ്റിൽ 12 പേർ ഉണ്ടെങ്കിലും അംഗീകാരം ലഭിക്കാത്ത രണ്ടുപേരും തുടർന്നതായി കാണുന്നില്ല.എന്നാൽ ശ്രീ.ദീപുവിന് നിയമനാംഗീകാരമില്ലാതെ

തുടരുമ്പോൾ മാനേജർ നിയമന ഉത്തരവ് സമർപ്പിച്ചതും നിയമനാംഗീകാരം നൽകിയതുമായ മറ്റ് അധ്യാപകർ ആരെങ്കിലും ടി തീയതിയിൽ സർവ്വീസിലുണ്ടായിരിക്കുകയും ടി തീയതിക്കു ശേഷം നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടങ്കിൽ അവരെ ആദ്യം ക്രമീകരിച്ചുകൊണ്ട് അവർക്ക് അംഗീകാരം നൽകിയ തസ്തികയിലേക്ക് ടിയാനെ മാറ്റി ക്രമീകരിക്കാവുന്നതാണ്.

2. ശ്രീമതി.വി.എൻ.സോണിയ – എസ്.സി.വി.ജി.എച്ച്.എസ്.എസിൽ 2014-15ൽ അനുവദിക്കപ്പെട്ട 9ാമത്തെ തസ്തികയിൽ. സ്റ്റാഫ് ലിസ്റ്റ് പ്രകാരം 8 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.എന്നാൽ ടിയാൾ നിയമനാംഗീകാരമില്ലാതെ തുടരുമ്പോൾ മാനേജർ നിയമന ഉത്തരവ് സമർപ്പിച്ചതും നിയമനാംഗീകാരം നൽകിയതുമായ മറ്റ് അധ്യാപകർ ആരെങ്കിലും ടി തീയതിയിൽ സർവ്വീസിലുണ്ടായിരിക്കുകയും ടി തീയതിക്കു ശേഷം നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടങ്കിൽ അവരെ ആദ്യം ക്രമീകരിച്ചുകൊണ്ട് അവർക്ക് അംഗീകാരം നൽകിയ തസ്തികയിലേക്ക് ടിയാളെ മാറ്റി ക്രമീകരിക്കാവുന്നതാണ്.

3. ശ്രീമതി.രശ്മി.എസ്. - എസ്.സി.വി.ബി.എച്ച്.എസിൽ 2015-16 വർഷത്തെ 11ാമത്തെ തസ്തികയിൽ. സ്റ്റാഫ് ലിസ്റ്റ് പ്രകാരം 10 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

4. ശ്രീ.ശ്രീനാഥ്.എസ്.- എസ്.സി.വി.ബി.എച്ച്.എസിലെ 2016-17 ലെ 12ാമത്തെ അധികതസ്തികയിൽ. സ്റ്റാഫ് ലിസ്റ്റ് പ്രകാരം 11 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.2017-18ൽ തസ്തികനഷ്ടം വരുന്നതിനാൽ എസ്.സി.വി.ജി.എച്ച്.എസ്.എസിൽ 10ാമത് തസ്തികയിൽ ക്രമീകരിക്കാം.9 പേർ മാത്രമേ സ്റ്റാഫ് ലിസ്റ്റ് പ്രകാരം ഉണ്ടായിരുന്നുള്ളൂ.

5. ശ്രീമതി.ഋഷി സംഘ – എസ്.സി.വി.ജി.എച്ച്.എസിലെ 2018-19ൽ 9ാമത്തെ തസ്തികയിൽ.സ്റ്റാഫ് ലിസ്റ്റ് പ്രകാരം 7 പേർ മാത്രമാണുള്ളത് എങ്കിലും 8ാമതായി ശ്രീനാഥ് തുടരുന്നതിനാൽ.

6. ശ്രീ.മിഥുൻ.എം.എസ്., ശ്രീ.സ്വാതിജീവൻ, ശ്രീമതി.അഞ്ജന.വി.എസ്. - എസ്.സി.വി.ജി.എച്ച്.എസിൽ 2018-19ലെ 10, 11, 12 തസ്തികകളിൽ.സ്റ്റാഫ് ലിസ്റ്റ് പ്രകാരമുള്ള 7 പേരെകൂടാതെ ശ്രീ.ശ്രീനാഥ് എസ്., ശ്രീമതി.ഋഷി സംഘ എന്നിവരും 9 തസ്തികകളിൽ നിലനിൽക്കുന്നതാണ്.

7. ശ്രീമതി ഐഷ രാജൻ - പനയറ എസ്.എൻ.വി.എച്ച്.എസിൽ 2015-16ൽ 8ാമത്തെ

തസ്തികയിൽ. സ്റ്റാഫ് ലിസ്റ്റ് പ്രകാരം **8** പേർ ഉണ്ടെങ്കിലും ആയതിൽ സോണിയയെ എസ്.സി.വി.ജി.എച്ച്.എസ്.എസിലേക്ക് **2014-15**ൽ തന്നെ മാറ്റി ക്രമീകരിച്ചിട്ടുണ്ട്.

ശ്രീമതി.സുനിമോൾ **1/6/2015** മുതൽ യു.പി.എസ്.റ്റി ആയി ജോലി ചെയ്യുന്നുണ്ടെങ്കിലും ടി തസ്തികയിൽ യോഗ്യതയില്ലാത്തതിനാൽ അംഗീകാരം നൽകിയിട്ടില്ല. മാനേജരുടെ റിവിഷൻ ഹർജി സർക്കാരിന്റെ പരിഗണനയിലാണ്. **2019-20**ൽ യു.പി.എസ്.എ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുന്നതിനാലും സീനിയറായവരെ നിലനിർത്തേണ്ടതുള്ളതിനാലും അതുവരെ നിയമിക്കപ്പെട്ടവരെ ക്രമീകരിച്ചതിനു ശേഷം ഒഴിവുണ്ടെങ്കിൽ മാത്രമേ **15/7/2019**നു ശേഷം നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകാനാവൂ. സ്ഥാനക്കയറ്റ നിയമനങ്ങൾ അംഗീകരിക്കുന്നതു വഴി ലഭ്യമാകുന്ന ഒഴിവുകളിലും **15/7/2019**നു ശേഷം നിയമിക്കപ്പെട്ടവരെ നിലനിർത്താനാകുമോ എന്ന് വിദ്യാഭ്യാസ ഓഫീസർ പരിശോധിക്കുന്നതിനും അപ്രകാരം ഒഴിവുള്ള പക്ഷം സീനിയോറിറ്റി അനുസരിച്ച് നിയമനാംഗീകാരം നൽകാനും നിർദ്ദേശം നൽകാവുന്നതാണ്.

മറ്റ് തസ്തികകളിലുള്ളവരുടെ നിയമനാംഗീകാരം **II** മുതൽ **X** വരെയുള്ള പട്ടിക പ്രകാരം നൽകാവുന്നതാണ്.

മാനേജർ ഫയൽ ചെയ്ത കേസുകളുടെയും സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജികളുടെയും അടിസ്ഥാനത്തിൽ തസ്തികകൾ പുനസ്ഥാപിക്കുകയോ അധികതസ്തിക അനുവദിക്കുയോ ചെയ്യുന്ന പക്ഷം തദനുസൃതമായി **2021-22** മുതൽ നിയമിച്ചവരുടെ അംഗീകാരം പരിഗണിക്കാവുന്നതാണ്.

സംരക്ഷിതാധ്യാപക നിയമനം, ഭിന്നശേഷി സംവരണം, എന്നിവയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾക്കനുസരിച്ചാണ് നിയമനാംഗീകാരം നൽകേണ്ടത്.

അദാലത്തിൽ മാനേജരോ വിദ്യാഭ്യാസ ഓഫീസർമാരോ ഉൾപ്പെടുത്താത്തതും എന്നാൽ മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്തു വരുന്നതുമായ മറ്റ് ചില അധ്യാപകർ കൂടി പങ്കെടുക്കുകയും അവരുടെ ആവശ്യം അറിയിക്കുകയും ചെയ്തിരുന്നു.അപേക്ഷയിലെ ആവശ്യം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കി

പ്രത്യേകമായി മാത്രമേ ഇവരുടെ കേസ് പരിഗണിക്കാനാവൂ എന്ന് കാണുന്നു.അപ്രകാരമുള്ള അപേക്ഷകൾ ചുവടെ ചേർക്കുന്നു.

**1.** അഭിലാഷ്.എം **- HST drawing,** തസ്തിക **2022-2023-**ൽ നഷ്ടപ്പെട്ടതിനാൽ നിലനിർത്തണമെന്ന് അപേക്ഷിച്ചു. ആയത് പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

**2.**രേണു.ആർ.എം – ശമ്പളം ലഭിക്കുന്നതിനായി സ്ഥലം മാറ്റ നിയമനം അംഗീകരിക്കുന്നത് പരിശോധിക്കുവാൻ **DEO** യ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.

**3.SSVGHS-**ലെ യു.പി.എസ്.എ ആയിരുന്ന, **2023-**ൽ മരണപ്പെട്ട സുനിൽകുമാറിന് **2012** മുതൽ നിയമനാംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാന്റെ ഭാര്യയായ ശ്രീമതി.ബിന്ദു അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം പ്രത്യേകം പരിശോധിക്കാവുന്നതാണ്.

**4.**റീജ **-** തസ്തിക നഷ്ടം വന്ന കാലയളവിലെ സർവ്വീസ് ബ്രേക്ക് ക്രമീകരിക്കുന്നതു സംബന്ധിച്ചാണ് അപേക്ഷ. ആയത് പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

**5.**ശ്രീലക്ഷ്മി, ഹരിപ്രിയ **-** നേരത്ത നിയമനാംഗീകാരം ലഭിച്ചതായതിനാൽ ശമ്പളം നൽകണമെന്ന അപേക്ഷ പ്രത്യേകം പരിശോധിക്കാവുന്നതാണ്.